തിരുവനന്തപുരം: കൗൺസിൽ ഓഫ് ഇൻഡസ്ട്രിയൽ റിസർച്ചും നാഷണൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജിയും സ്വകാര്യസ്ഥാപനമായ സി.എസ്.ഐ. ആർ -ടെക്കുമായി കരാറിലേർപ്പെട്ടു. കരാറിന്റെ അടിസ്ഥാനത്തിൽ സി.എസ്.ഐ.ആർ.-എൻ.ഐ.ഐ. എസ്.ടി. എന്നിവയുടെ നിലവിലെ സാങ്കേതിക വിദ്യകൾക്കും ബൗദ്ധികസ്വത്തിനും സി.എസ്.ഐ.ആർ.-ടെക്ക് വാണിജ്യാവസരങ്ങൾ ഒരുക്കും. രഹസ്യ സ്വഭാവമില്ലാത്തതും തനതല്ലാത്തതുമായ സാങ്കേതികതകൾക്കും മറ്റുമായിരിക്കും വാണിജ്യാവസരങ്ങൾ ഒരുക്കുക.

തിരുവനന്തപുരം പാപ്പനംകോട്ടുള്ള ലബോറട്ടറി കൂടാതെ പന്ത്രണ്ട് സി.എസ്.ഐ.ആർ. ലബോറട്ടറികളുമായും ഈ സ്വകാര്യ സ്ഥാപനം കരാറുണ്ടാക്കിയിട്ടുണ്ട്. മറ്റ് എട്ട് ലബോറട്ടറികളുമായി കരാറുണ്ടാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. സി.എസ്.ഐ.ആർ.-എൻ.ഐ.ഐ.എസ്.ടി. ബിസിനസ് ഡെവലപ്മെന്റ് മേധാവി എം.എം. ശ്രീകുമാർ, സി.എസ്. ഐ.ആർ.-ടെക്ക് പ്രൈവറ്റ് ലിമിറ്റഡ് സി.ഇ.ഒ. അമിതാഭ് ശ്രീവാസ്തവ എന്നിവരാണ് ധാരണാപത്രം ഒപ്പിട്ടത്.